പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4132 — 18/10/2011-ൽ മറുപടിക്ക്

# പട്ടികജാതി വിഭാഗങ്ങളിലെ ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിനുള്ള പദ്ധതി

ചോദ്യം

ശ്രീ. പാലോട് രവി
ശ്രീ.ജോസഫ് വാഴക്കൻ
ശ്രീ.എ.റ്റി.ജോർജ്
ശ്രീ.ഷാഫിപറമ്പിൽ

മറുപടി

ശ്രീ.എ.പി.അനിൽകുമാർ
(പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദ സഞ്ചാരവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | പട്ടികജാതി വിഭാഗത്തിലുള്ള ദുർബല വിഭാഗക്കാരുടെ ഉന്നമനത്തിന് എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; | (എ) | പട്ടികജാതിയിലെ ദുർബല വിഭാഗത്തിൽപ്പെട്ട നായാടി, വേടൻ, വേടുവൻ, എന്നിവരുടെ ഉന്നമത്തിനായി; ഭൂമിയും, വീടും ഇല്ലാത്തവർക്ക് 5 സെൻറ് ഭൂമി വാങ്ങുന്നതിനായി 1.25 ലക്ഷം രൂപയും, വീട് വെയ്ക്കുന്നതിന് 1 ലക്ഷം രൂപയും ഒരൊറ്റ യൂണിറ്റായി കണക്കാക്കി 2.25 ലക്ഷം രൂപ അനുവദിക്കുന്നു. കൂടാതെ ഇവരുടെ വിദ്യാഭ്യാസം, ചികിത്സ,കുടിവെള്ളം, വൈദ്യുതീകരണം, റോഡ് തുടങ്ങിയ സൗകര്യങ്ങൾക്കായിട്ടുള്ള പദ്ധതികളും നടപ്പാക്കി വരുന്നു. |
| (ബി) | ഈ വിഭാഗത്തിലുള്ള ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം ലഭ്യമാക്കുമോ; | (ബി) | ടി വിഭാഗത്തിലുള്ള ഭൂരഹിത ഭവനരഹിതർക്ക് സ്ഥലം വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും ധനസഹായം നൽകി വരുന്നു. |
| (സി) | ഇവർക്ക് വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി, റോഡ് തുടങ്ങിയ സൗകര്യങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുമോ? | (സി) | ദുർബല വിഭാഗത്തിലുൾപ്പെട്ടവരുടെ വിദ്യാഭ്യാസം, ചികിത്സ, കുടിവെള്ളം, വൈദ്യുതി,റോഡ് തുടങ്ങിയ സൗകര്യങ്ങൾക്കുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ